പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5740 03.11.2016 -ൽ മറുപടിക്ക്

**തിരുവനന്തപുരം മൃഗശാലയുടെ നവീകരണം**

ചോദ്യം

ശ്രീ. സി.ദിവാകരൻ

മറുപടി

ശ്രീ. കെ.രാജു

(ബഹു.വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം മൃഗശാലയുടെ നവീകരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം മൃഗശാലയുടെ നവീകരണത്തിനായി താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. മൃഗശാലയിലെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആവാസ വ്യവസ്ഥയ്ക്കനുസൃതമായ മൃഗങ്ങളുടെ പരിബന്ധനങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു.<br>2. ഇന്ത്യൻ കാട്ടുപോത്തുകളെ പാർപ്പിക്കുന്നതിനുള്ള പരിബന്ധനത്തിന്റെ നിർമ്മാണത്തിന് കേന്ദ്ര മൃഗശാലയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.<br>3. വിദേശ പക്ഷികളെ പാർപ്പിക്കുന്ന കൂടുകളുടെ അറ്റകുറ്റപ്പണിയ്ക്കുള്ള എസ്റ്റിമേറ്റ് തുക പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ ഒടുക്കുകയും ജോലികൾ നിർവ്വഹിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മൃഗശാലയിൽ ഇല്ലാത്ത മൃഗങ്ങളെ ലഭ്യമാക്കാനുള്ള നടപടികൾ പരിഗണയിലുണ്ടോ ; വിശദാംശം നൽകുമോ ? | (ബി) | ഉണ്ട്.ചെന്നൈ വണ്ടല്ലൂർ മൃഗശാലയിൽ നിന്നും 4 വെള്ളമയിലുകൾ, 4 റെറ്റിക്കുലേറ്റഡ് പെരുംപാമ്പുകൾ എന്നിവയെ മൃഗശാലയിൽ കൊണ്ടുവന്നിട്ടുണ്ട്. നാഗാലാന്റ് മൃഗശാലയിൽ നിന്നും 2 ഹിമാലയൻ കരടികളെ കൊണ്ടുവരുന്നതിന് കേന്ദ്ര മൃഗശാലഅതോറിറ്റിയുടെ അംഗീകാരം വാങ്ങുകയും മൃഗശാലയിൽ നിന്നും മൃഗങ്ങളെ തീവണ്ടി മാർഗ്ഗേന തിരുവനന്തപുരത്ത് എത്തിയ്ക്കുന്നതിനുവേണ്ട നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഹൈദ്രാബാദ് മൃഗശാലയിൽ നിന്നും ഒരു ജോഡി ഏഷ്യാട്ടിക് ലയണിനെ കൊണ്ടുവരുന്നതിനുള്ള അനുമതിയ്ക്ക് വേണ്ടി കേന്ദ്രമൃഗശാല അതോറിറ്റിയ്ക്ക് കത്ത് അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ